**പതിനാലാം കേരളനിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1977** — **05.12.2018-ൽ മറുപടിക്ക്**

## നവകേരള നിർമ്മാണം

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) നവകേരള നിർമ്മാണത്തിനായി എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് വേണ്ടി വരുന്നത്; ഈ തുക എങ്ങനെ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) കേരളത്തിന്റെ പുനർനിർമ്മാണത്തിനായി PDNA (Post Disaster Need Assessment) റിപ്പോർട്ട് പ്രകാരം ഏകദേശം 31,000 കോടി രൂപയെങ്കിലും വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. സംസ്ഥാന വിഹിതം, ലോക ബാങ്ക്, ഏഷ്യൻ വികസന ബാങ്ക് തുടങ്ങിയവയിൽ നിന്നുള്ള വായ്പ, കേന്ദ്ര പദ്ധതികളിലൂടെയുള്ള അധിക വിഭവ സമാഹരണം, ക്രൗഡ് ഫണ്ടിംഗ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള വിഹിതം, നബാർഡ്, ഹഡ്കോ തുടങ്ങിയവ വഴിയുള്ള ധനസമാഹരണം, കേന്ദ്ര ഗവൺമെന്റ് പദ്ധതികളിലെ ഫ്ലെക്സി ഫണ്ട് ഉപയോഗിക്കൽ, സ്പെഷ്യൽ ലോട്ടറി, എക്സൈസ് ഡ്യൂട്ടി വർദ്ധനവ് വരുത്തൽ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയാണ് തുക സമാഹരിക്കാൻ ലക്ഷ്യമിടുന്നത്. |
| (ബി) ഈ തുക ഉപയോഗപ്പെടുത്തി ഏതൊക്കെ മേഖലകളിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ബി) പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനുമായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative - RKI) എന്ന ഒരു ബൃഹത് പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ സമഗ്ര രൂപരേഖ 09.11.2018ലെ G.O.(P) No. 16/2018/P&EA ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ പ്രളയത്തിൽ തകർന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ റോഡുകൾ, വീടുകൾ, ജനങ്ങളുടെ ജീവനോപാധികൾ, പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ, പാലങ്ങൾ, സർക്കാർ കെട്ടിടങ്ങൾ, മറ്റു പൊതു കെട്ടിടങ്ങൾ, ജലവിതരണം, മലയോര വികസനം, മത്സ്യ തൊഴിലാളികളുടെ പുനരധിവാസം എന്നിവയും, കൂടാതെ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസന പദ്ധതികളായ കുട്ടനാട് വികസനം, നദീതടങ്ങളുടെ സംരക്ഷണം, കടൽ തീരങ്ങളുടെ സംരക്ഷണം, കനാലുകളുടെ നവീകരണം, ഉരുൾപൊട്ടൽ മേഖലകളിൽ നിന്നുള്ള ജനങ്ങളുടെ മാറ്റിപാർപ്പിക്കൽ, എറണാകുളം-കൊച്ചി വ്യാവസായിക-വാണിജ്യ കേന്ദ്രമായി വികസിപ്പിക്കൽ, തിരുവനന്തപുരം-കോഴിക്കോട് നഗരങ്ങളുടെ സമഗ്ര വികസനം, പതിനാല് ജില്ലകളിലും ഭാവികേരളത്തെ അടയാളപ്പെടുത്തുന്ന പദ്ധതികൾ, തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നു. |

**സെക്ഷൻ ഓഫീസർ**